**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2339 **17.08.2017**-ലെ മറുപടിക്ക്

**<u>അംബേദ്ക്കർ സ്വാശ്രയ ഗ്രാമം പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഒ. രാജഗോപാൽ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നേമം നിയോജക മണ്ഡലത്തിലെ കോളനികൾ നവീകരിക്കുന്ന പ്രവൃത്തികൾ ഏതു ഘട്ടം വരെയെത്തി; വിശദമാക്കാമോ ; | (എ) | അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നേമം നിയോജക മണ്ഡലത്തിൽ നിന്നും തെരെഞ്ഞെടുത്ത പൂഴിക്കുന്നിൽ പറങ്കിമാംവിള ലക്ഷം വീട് കോളനി, ആഴാംകൽ 44-ാം നഗർ കോളനി എന്നിവയുടെ നവീകരണത്തിനായി ഓരോ കോടി രൂപ വീതം അനുവദിച്ച് ഭരണാനുമതി നൽകുകയും ഒന്നാം ഗഡുവായി 50 ലക്ഷം രൂപ വീതം നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. സങ്കേതതല മോണിറ്ററിംഗ് കമ്മിറ്റി കൂടി പ്രവൃത്തികൾ അംഗീകരിക്കുകയും അതിൻപ്രകാരം കർമ്മപരിപാടി തയ്യാറാക്കി എസ്റ്റിമേറ്റ് എടുത്ത് പ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പ്രവൃത്തികളുടെ തുടർ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ | (ബി) | ഓരോ കോളനിക്കും ഒന്നാം ഗഡുവായി അനുവദിച്ച 50 ലക്ഷം രൂപ വിനിയോഗിച്ച് പ്രവൃത്തികൾ ചെയ്ത് വർക്ക് ബില്ല് ലഭ്യമാക്കുന്ന മുറയ്ക്ക് രണ്ടാം ഗഡുവായ 30 ലക്ഷം രൂപയും, പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ ബില്ല് ലഭ്യമാക്കുന്ന മുറയ്ക്ക് അവസാന ഗഡുവായ 20 ലക്ഷം രൂപയും അനുവദിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ